**പതിമൂന്നാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ T 5608 — **29.07.2015 -ൽ** മറുപടിക്ക്

## വിജിലൻസ് കോടതികളിൽ തീർപ്പുകൽപ്പിക്കാത്ത കേസ്സുകൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ : | | ശ്രീ. ഉമ്മൻ ചാണ്ടി<br>(ബഹു. മുഖ്യമന്ത്രി) |
| എ) വിജിലൻസ് കോടതികളിൽ തീർപ്പുകൽപ്പിക്കാത്ത എത്ര കേസ്സുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ; | എ) | വിജിലൻസ് കോടതികളിൽ തീർപ്പു കൽപ്പിക്കാത്ത 1377 വിജിലൻസ് കേസ്സുകൾ ഇപ്പോൾ നിലവിലുണ്ട്. |
| ബി) ഇത്തരം കേസ്സുകൾ തീർപ്പുകൽപ്പിക്കുന്നതിനായി കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ടാണെന്ന് വിശദീകരിക്കാമോ; | ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ 14 ജില്ലകൾക്കുമായി ആകെ 4 വിജിലൻസ് കോടതികളാണ് നിലവിലുള്ളത്. ഓരോ കോടതിക്കും രണ്ടോ അതിലധികമോ റവന്യൂ ജില്ലകളുടെ അധികാര പരിധിയാണുള്ളത്. വിജിലൻസ് കേസുകളിൽ ധാരാളം സാക്ഷികളുടെ വിസ്താരങ്ങളും റിക്കോർഡുകളുടെ പരിശോധനകളും പൂർത്തീകരിക്കുവാൻ വളരെ സമയം ആവശ്യമായി വരുന്നതിനാലാണ് കേസുകൾ തീർപ്പു കൽപ്പിക്കാൻ കാലതാമസം നേരിടുന്നത് |

സി) ഏത് വർഷത്തെ സ്റ്റാഫ് പാറ്റേൺ അനുസരിച്ചാണ് കോടതികളിൽ ഒഴിവുകൾ നികത്തപ്പെടുന്നതെന്ന് അറിയിക്കാമോ;

ഡി) ഇത് കാലോചിതമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

സി) & ഡി) 22.03.1957 മുതൽ വിജിലൻസ് കോടതികൾ പ്രവർത്തിച്ച് വരുന്നുണ്ട്. 10.05.1963-ലെ ജി.ഒ (എം.എസ്) നം. 240/63/ആഭ്യന്തരം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം വിജിലൻസ് കോടതിയിലെ തസ്തികകൾ സ്ഥിരം തസ്തികകളാക്കി ഉത്തരവായിരുന്നു. വിവിധ കാലയളവുകളിലായി സംസ്ഥാനത്ത് 4 വിജിലൻസ് കോടതികൾ സ്ഥാപിക്കുകയും, അവ തിരുവനന്തപുരം, കോട്ടയം, തൃശൂർ, കോഴിക്കോട് ജില്ലകൾ ആസ്ഥാനമായി പ്രവർത്തിച്ചു വരികയും ചെയ്യുന്നു. 10.05.1963-ലെ ജി.ഒ (എം.എസ്) നം. 240/63/ആഭ്യന്തരം, 11.10.1965-ലെ ജി.ഒ (എം.എസ്) നം.392/65/ആഭ്യന്തരം, 21.11.1970-ലെ ജി.ഒ (എം.എസ്) നം. 163/70/വിജി, 26.09.1986-ലെ ജി.ഒ (എം.എസ്) നം. 152/86/വിജി, 20.09.1990-ലെ ജി.ഒ (എം.എസ്) നം. 139/90/വിജി, 08.07.2008-ലെ ജി.ഒ (എം.എസ്) നം. 20/2008/വിജി എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം വിവിധ തസ്തികകൾ വിജിലൻസ് കോടതികൾക്കായി സൃഷ്ടിക്കുകയും പ്രസ്തുത തസ്തികകളിൽ വരുന്ന ഒഴിവുകളിൽ നിയമനം നടത്തി വരികയും ചെയ്യുന്നു. 24.07.2015-ലെ സ.ഉ (എം.എസ്) നം. 28/2015/വിജി നമ്പർ സർക്കാർ ഉത്തരവ് പ്രകാരം നിലവിലുള്ള വിജിലൻസ് കോടതികൾക്കു പുറമേ രണ്ട് പുതിയ വിജിലൻസ് കോടതികൾ കൂടി സ്ഥാപിക്കുകയും പുതുതായി തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ